15 -ാം കേരള നിയമസഭ

3 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5625 | 03-11-2021 - ൽ മറുപടിയ്ക്ക്

വളാഞ്ചേരി സബ് ട്രഷറി നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ വളാഞ്ചേരി സബ് ട്രഷറി നിർമ്മാണത്തിനായി ഗ്രാമ വികസന വകുപ്പിന്റെ കൈവശം ഉള്ള ഭൂമി ലഭ്യമാക്കണമെന്ന വിഷയത്തിൽ തദ്ദേശ സ്വയം ഭരണ വകുപ്പിലുള്ള ഫയലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ വളാഞ്ചേരി സബ് ട്രഷറി നിർമ്മാണ ത്തിനായി ഗ്രാമ വികസന വകുപ്പിന്റെ കൈവശം ഉള്ള ഭൂമി ട്രഷറി വകുപ്പിന് അനുവദിയ്ക്കുന്നതിന് ഭരണസമിതി തീരുമാന സഹിതം 13.03.2020 തീയതിയിലെ കത്ത് മുഖേന ഗ്രാമ വികസന കമ്മീഷണർ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിരുന്നു. ആയതിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കുന്നതിനുള്ള പ്രൊപ്പോസൽ നിർദ്ദിഷ്ട പ്രൊഫോർമയിൽ വ്യക്തമായ ശിപാർശ സഹിതം ലഭ്യമാക്കുവാൻ ഗ്രാമ വികസന കമ്മീഷണറോട് ആവശ്യപ്പെട്ടിരുന്നു. |
| (ബി) | RC3/1564/2019 നമ്പർ ഫയലിൽ ഗ്രാമ വികസന കമ്മീഷണർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) | ഭൂമി പുനർനിക്ഷിപ്തമാക്കുന്നതിനുള്ള പ്രൊപ്പോസൽ 29.10.2021 ന് ഗ്രാമ വികസന കമ്മീഷണർ സർക്കാരിലേയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | പരിമിതമായ സൗകര്യങ്ങളോടുകൂടി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രസ്തുത സബ് ട്രഷറിയ്ക്കു വേണ്ടി സ്ഥലം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഗ്രാമവികസന കമ്മീഷണർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ച് നടപടി സ്വീകരിയ്ക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ